
ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
09 FEBRUARY 2024 | VOL 03 | ISSUE 039 | 738



# മുട്ടം ഗീവർഗീസ് അപ്പച്ചൻ ഭാഗ്യനാട്ടിലേക്ക്...

മുട്ടം: അനവധി ക്രിസ്തിയ കീർത്തനങ്ങൾ വിശ്വാസ സമൂഹത്തിന് സമ്മാനിച്ച് മുട്ടം ഗീവർഗീസ് അപ്പച്ചൻ മലയാളക്കരയോട് വിട പറഞ്ഞു. വാർധക്യ സഹജമായ ക്ഷീണത്താൽ നാളുകളായി വിശ്രമ ജീവിതം നയിക്കുകയായിരുന്നു അദ്ദഹം.

പാസ്റ്റർ ജോൺ വർഗീസ് (100) എന്നാണ് ഈ ദൈവദാസന്റെ ഔദ്യോഗിക നാമം. ക്രൈസ്തവ കൈരളിക്ക് നെഞ്ചോട് ചേർത്ത് പിടിക്കുവാനുള്ള ഒരുപാടു ഗാനങ്ങൾ എഴുതി ചിട്ടപ്പെടുത്തി.

***ഭാഗ്യനാട്ടിൽ പോകും ഞാൻ, അഴലേറും ജീവിത മരുവിൽ, ആശ്ചര്യമേയിതു ആരാൽ വർണിച്ചിടാം, അല്പകാലം മാത്രം ഈ ഭുവിലെ വാസം, ലോകം നിന്നിലുള്ള വെള്ളി പൊന്നിവ എടുത്തിടും, സ്തോത്രഗീതം പാടുക നീ മനമേ, പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ, എന്നുള്ളമേ സ്തുതിക്ക നീ യഹോവയെ നിരന്തരം, ഉണർവരുൾകയിന്നേരം, നല്ലപോരാട്ടം പോരാടി, സൗന്ദര്യത്തിൽ പുർണ്ണതയാകുന്ന സീയോനിൽ, വീണ്ടെടുക്കപ്പെട്ട കൂട്ടമേ*** തുടങ്ങി ക്രൈസ്തവർ ഇന്ന് പാടി ആശ്വസിക്കുന്ന നൂറിൽപരം ഹൃദയസ്പർശിയായ ഗാനങ്ങളാണ് ഇദ്ദേഹം ഇതിനോടകം രചിച്ചത്.

ആലപ്പുഴ കാർത്തികപ്പള്ളി മുട്ടത്ത് യോഹന്നാച്ചന്റെയും മറിയാമ്മയുടെയും നാലുമക്കളിൽ ഇളയവനായാണ് 1925 ആഗസ്റ്റ് 15 ന് മുട്ടം ഗീവർഗീസ് ജനിച്ചത്. കറ്റാനംകുന്ന് ലീലാമ്മ വർഗിസാണ് ഭാര്യ. മക്കൾ: മറിയാമ്മ, പരേതനായ ജോൺ, പരേതനായ ജോസ്, ഗ്രേസമ്മ, പാ. ബോസ് (ചർച്ച് ഓഫ് ഗോഡ് ബഹറിൻ) ബെഞ്ചമിൻ. മരുമക്കൾ: പാ. ജേക്കബ്സാമുവേൽ (ഐപിസി), ബാലികാമ്മ, ജോയ്സ്, കെ ജി രാജൻ, എലിസബത്ത്, വൽസമ്മ പരേതരായ പി ജെ മാത്യു, ഏലിയാമ്മ ബഹനാൻ, സാറാമ്മ തോമസ് എന്നിവർ സഹോദങ്ങളാണ്. കൊച്ചുമക്കൾ: പാ. സാം ചെന്നിത്തല, ലീനാ സജി, ജോൺ ജേക്കബ് (ജോമോൻ), ബ്ലസി ജയിംസ്, വർഗീസ് ബോസ് (ജോബി ), ബെൻസി ജൂബി, തോംസൺ രാജൻ (റെജി), ലീലാമ്മ ജോസഫ് (ജോസിലി), ബോബി ബോസ്, വർഗീസ് ബെഞ്ചമിൻ (ബിജോ) ജോൺസൺ രാജൻ (റിജോ)ജോൺസൺ ബെഞ്ചമിൻ (ബിനോയി), ജേക്കബ്, രാജൻ, ജോസഫ് രാജൻ.

# പാകിസ്ഥാനിൽ ക്രൈസ്തവ ബാലനെ കൊലപ്പെടുത്തി



ഇസ്ലാമബാദ് : പാക്കിസ്ഥാനിൽ ക്രിസ്ത്യാനികൾക്കു നേരെ ഭീഷണി മുഴക്കിയ മുസ്ലീം തോക്കുധാരികൾ ഫെബ്രുവരി അഞ്ചിന് 14 വയസ്സുള്ള സുനിൽ മസിഹു എന്ന ക്രിസ്ത്യൻ ബാലനെ വെടിവച്ചു കൊലപ്പെടുത്തി. സുനിൽ മസിഹും ക്രൈസ്തവരായ കുറച്ചുപേരും പഞ്ചാബ് പ്രവിശ്യയിലെ ഗുജ്റൻവാല ജില്ലയിലെ മണ്ടിയാല വാരയ്ച്ച് പ്രദേശത്തെ മാർക്കറ്റിൽ നിൽക്കുമ്പോൾ ഇസ്ലാമിസ്റ്റുകളായ ആറുപേർ മോട്ടോർ സൈക്കിളിൽവന്ന് വെടിയുതിർക്കുകയായിരുന്നുവെന്ന് കൊല്ലപ്പെട്ട കുട്ടിയുടെ ബന്ധു മെഹബൂബ് ഗിൽ പറഞ്ഞു.

ഞങ്ങൾ പരസ്പരം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അനസ് യാസീൻ, ആദിൽ അബ്ദുൾ റഹ്മാൻ, അഷ്റഫ് ഇനായത്ത് ഉള്ള എന്നിവരും മറ്റു രണ്ട് അജ്ഞാതരും മോട്ടോർ സൈക്കിളിൽ അവിടെയെത്തി. ഈ പ്രദേശത്തെ ഒരു ക്രിസ്ത്യാനിയും ജീവനോടെ ഇരിക്കരുതെന്ന് ആദിൽ ആക്രോശിച്ചു. തുടർന്ന് സമാൻ തന്റെ പിസ്റ്റൾ ഉപയോഗിച്ച് സുനിലിനുനേരെ വെടിയുതിർക്കുകയും നെഞ്ചിൽ ഇടിക്കുകയും ചെയ്തു. യാസീൻ മറ്റൊരു ക്രിസ്ത്യൻ ആൺകുട്ടിക്കു നേരെയും വെടിയുതിർത്തു' ഗിൽ പറയുന്നു.

ക്രിസ്ത്യാനികൾക്കുനേരെ ഭീഷണി മുഴക്കിക്കൊണ്ട് തോക്കുധാരികൾ സംഭവസ്ഥലത്തുനിന്നു രക്ഷപെട്ടു. സംഭവത്തിൽ ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. കൊലപാതകം മതപരമായ പ്രേരണയാണെന്ന് ഗുജ്റൻവാലയിലെ ഗൊണ്ടലൻവാല പ്രെസ്ബിറ്റീരിയൻ ചർച്ചിലെ റവ. നുമാൻ മട്ടോ പറഞ്ഞു.



**QUOTES OF DAYS**

**FEB 09**

പരിശ്രമശാലികൾ പിമ്പിലിരുന്ന് വളരെയധികം കാര്യങ്ങൾ ചെയ്യുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒടുവിൽ ചെയ്തത് പുറം ലോകം അറിയുമ്പോൾ അവർ മഹാന്മാരാകും.

**ലിയോനാർഡോ ഡാവിഞ്ചി**

എഡിറ്റോറിയൽ

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

# അറിയാനുള്ള അവകാശം ഇല്ലെന്നോ...?



ഷാജൻ
പാറക്കടവിൽ

ഇന്ത്യയിലെ സർക്കാർ ഭരണനിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ അറിയാൻ പൊതുജനങ്ങൾക്ക് അവകാശം നൽകുന്ന 2005 ലെ ഒരു സുപ്രധാന നിയമം ആണ് വിവരാവകാശനിയമം 2005 (Right to Information Act 2005). 2005 ജൂൺ 15ന് പാർലമെന്റ് പാസാക്കിയ ഈ നിയമം 2005 ഒക്ടോബർ 12നാണ് പ്രാബല്യത്തിൽ വന്നത്. ഈ നിയമത്തിലെ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനായി എല്ലാ ഓഫീസുകളിലും പൊതുവിവരാധികാരികളെ നിയമിക്കണമെന്നും മേൽനോട്ടത്തിനായി കേന്ദ്രത്തിലും സംസ്ഥാനത്തിലും കമ്മീഷനുകളെ നിയമിക്കണമെന്നും ഏതൊരു ഭാരതീയ പൗരനും വിലപ്പെട്ട ചുരുക്കം ചില വിവരങ്ങൾ ഒഴിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകളുടെയോ സർക്കാർ സഹായം പറ്റുന്ന സ്ഥാപനങ്ങളുടെയോ കൈവശമുള്ള ഏതൊരു രേഖയും നിശ്ചിത തുകയടച്ച് അപേക്ഷിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ നൽകണമെന്നും വ്യവസ്ഥാ ചെയ്തിരിക്കുന്നു. നിയമഘാതകർക്ക് കടുത്ത പിഴ ശിക്ഷകളാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. വിവരാവകാശത്തിന് മുൻഗാമി എന്നറിയപ്പെടുന്നത് 2002 ലെ ഫ്രീഡം ഓഫ് ഇൻഫർമേഷൻ.

മേൽപ്രസ്താവിച്ചത് രാജ്യത്തെ ഓരോ പൗരനും നിയമപരമായി ലഭിക്കുന്ന അവകാശങ്ങളുടെ വിശദീകരണങ്ങളാണ്. ഇന്ന് ആർക്കും ഏതു വിവരങ്ങളും തങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് കൊണ്ട് നിയമപരമായി നേരിടാനും നിഷേധിക്കപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും അതുവഴി സംശുദ്ധമായ ഒരു ഭരണ സംവിധാനത്തിന് കളമൊരുക്കുവാനും കഴിയുന്നു. നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന മത സമുദായിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ അണികളുടെ മുമ്പിൽ അവരുടെ ഏതു കൗൺസിൽ തീരുമാനങ്ങളും പ്രഖ്യാപനങ്ങളും പ്രസിദ്ധപ്പെടുത്തുവാനും അതോടൊപ്പം ഏതൊരു വ്യക്തിക്കും വേഗത്തിൽ തങ്ങളുടെ പ്രസ്ഥാനത്തെക്കുറിച്ച് അറിയുവാനുമുള്ള സാവകാശങ്ങൾ നൽകാറുണ്ട്. ഓരോ വർഷവും കൗൺസിൽ കൂടി പാസാക്കുന്ന പല ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളും ഒപ്പം നിയമനിർമ്മാണ ഭേദഗതികളും തുടങ്ങി എന്തും ഏതും അണികളുടെ അറിവിനായും ഭാഗികമായി പൊതുജനങ്ങളുടെ അറിവിനായും പ്രസിദ്ധപ്പെടുത്താറുണ്ട്. മന്ത്രിസഭാ തീരുമാനങ്ങളും പുതിയ പദ്ധതികളുടെ പ്രഖ്യാപനങ്ങളും ഒക്കെ ലൈവായി ലഭിക്കുന്ന ഒരു കാലത്താണ് നമുക്ക് നമ്മുടെ ജീവിക്കുന്നത്. അതുപോലെതന്നെ പല എപ്പിസ്കോപ്പൽ സഭകളുടെ കൗൺസിൽ തീരുമാനങ്ങളും നയ പ്രഖ്യാപനങ്ങളും ക്ഷേമകാര്യ പ്രവർത്തനങ്ങളും തങ്ങളുടെ അനുയായികളെയും പൊതുജനത്തെയും അറിയിക്കാറുണ്ട്. എന്നാൽ എന്തുകൊണ്ട് വേർപെട്ട സമൂഹങ്ങളുടെ സഭാ കൗൺസിൽ തീരുമാനങ്ങളും ക്ഷേമ കാര്യങ്ങളും മറ്റു പ്രഖ്യാപനങ്ങളും ഒക്കെ അണികൾക്ക് പോലും അപ്രാപ്യമാകുന്നു. പുതിയ ഭരണഘടന ഭേദഗതികൾ ഉണ്ടാകുമ്പോൾ അത് സാധാരണ അംഗങ്ങളിൽ പോലും എത്തുന്നില്ല എന്നുമാത്രമല്ല തങ്ങൾ അംഗമായിരിക്കുന്ന സഭയുടെ ഭരണഘടന പോലും എത്ര വിശ്വാസികൾക്ക് അറിയാം എന്നുള്ളത് ഉറക്കെ ചിന്തിക്കേണ്ട കാര്യമാണ്. എന്തിനേറെ ലക്ഷങ്ങൾ മുടക്കി ഭരണ സിരാകേന്ദ്രങ്ങളിൽ എത്തുന്നവർക്ക് പോലും കൃത്യമായി ഭരണഘടനയോ

ശേഷം 4-ാം പേജിൽ

## ഓഷ്യാനിയയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

**ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:**



### വനുവാത്

| | |
|---|---|
| തലസ്ഥാനം | : പോർട്ട് വിള |
| ഭാഷ | : ബിസ് ലാമ , ഫ്രഞ്ച് |
| ജനസംഖ്യ | : 334506 |
| പ്രസിഡണ്ട് | : നികെനികെ വുറോബരാവു |
| മതം | : ക്രിസ്ത്യൻ |

അമ്പതിലധികം ഭാഷകളിൽ തിരുവെഴുത്തുകൾ വിവർത്തനം ചെയ്യേണ്ടതായുണ്ട്. ഇതിന് തദ്ദേശീയരുടെ പങ്കാളിത്തം ആവശ്യമാണ്. പ്രാർത്ഥിക്കുക.

രാജ്യമെങ്ങും സുവിശേഷം എത്തണം. ഇതിനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. ക്രിസ്ത്യൻ സർക്കാർ ഉദ്യോഗസ്ഥർക്കായും നമുക്ക് പ്രാർത്ഥിക്കാം.

യുവജനം തിരുവെഴുത്തുകളിൽ ഉറച്ചുനിൽക്കണം. ആനിമിസത്തിലോ ഗോത്ര ആചാരങ്ങളിലോ ദുരുപദേശങ്ങളിലോ വീഴാതിരിക്കാനായും പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

### ഫെബ്രുവരി 09

സെഫ.3: 20 ആ കാലത്ത് ഞാൻ നിങ്ങളെ വരുത്തുകയും, ഞാൻ നിങ്ങളെ ശേഖരിക്കുകയും ചെയ്യും; നിങ്ങളുടെ കൺമുൻപിൽ ഞാൻ നിങ്ങളുടെ പ്രവാസികളെ മടക്കിവരുത്തുമ്പോൾ ഞാൻ നിങ്ങളെ ഭൂമിയിലെ സകലജനതകളുടെയും ഇടയിൽ കീർത്തിയും പ്രശംസയും ആക്കിത്തീർക്കുമെന്ന് യഹോവ അരുളിച്ചെയ്യുന്നു.

09 FEBRUARY 2024
VOL 03 | ISSUE 039 | 738



# വർദ്ധിച്ചുവരുന്ന വിഭജന മനഃസ്ഥിതിയിൽ ആശങ്ക; ഭാരത കത്തോലിക്ക മെത്രാൻ സമിതി

ബംഗളൂരു: മണിപ്പൂരിൽ
നീണ്ടുനിൽക്കുന്ന ആക്ര
മണത്തിൽ ഭയപ്പെടുത്തു
ന്നുവെന്നും ഭാരതത്തിൽ
വർദ്ധിച്ചുവരുന്ന വിഭജന
മനഃസ്ഥിതിയിൽ ആശ
ങ്കയുണ്ടെന്നും ഭാരത
കത്തോലിക്ക മെത്രാൻ
സമിതി. സിബിസിഐ
36ാം ജനറൽ ബോഡി മീ
റ്റിംഗിന്റെ സമാപനത്തിനു
ശേഷം പുറത്തിറക്കിയ
പ്രസ്താവനയിലായിരു
ന്നു പരാമർശം. ബംഗളൂരു
സെന്റ് ജോൺസ് നാഷ
ണൽ അക്കാഡമി ഓഫ്
ഹെൽത്ത് സയൻസസിൽ
ജനുവരി 31ന് ആരംഭിച്ച
ജനറൽ ബോഡി മീറ്റിം
ഗിൽ 170 മെത്രാന്മാർ പങ്കെ
ടുത്തു.
വർദ്ധിച്ചുവരുന്ന വിഭജന
മനഃസ്ഥിതിയും വിദ്വേഷ
പ്രസംഗങ്ങളും മൗലിക
വാദ നീക്കങ്ങളും രാജ്യ
ത്തിന്റെയും ഭരണഘടന
യ്ക്കും സവിശേഷമായ
ബഹുസ്വരതയ്ക്കും മതേ
തരത്വത്തിനും മേൽ ആശ
ങ്കയുണ്ടാക്കുന്നുവെന്ന്
സമ്മേളനം ചൂണ്ടിക്കാട്ടി.
മണിപ്പൂരിൽ നീണ്ടുനിൽ
ക്കുന്ന ആക്രമണത്തിൽ
ആളുകൾക്ക് ജീവനും
ജീവിതവും നഷ്ടപ്പെടുന്നത്
ഭയപ്പെടുത്തുന്നു. ജനാ
ധിപത്യത്തിന്റെ നാലാം
തൂണായ മാധ്യമങ്ങൾ
കടമ ശരിയായ വിധത്തിൽ
നിർവഹിക്കുന്നില്ല.

എല്ലാ പൗരന്മാരും വോട്ടർ
പട്ടികയിൽ പേരു ചേർ
ക്കുകയും ഭരണഘടനാ
മൂല്യങ്ങൾ കാത്തു സൂക്ഷി
ക്കുന്ന, പാവപ്പെട്ടവരുടെ
ഉന്നമനത്തിനായി പ്രവർ
ത്തിക്കുന്ന നേതാക്കളെ
തെരഞ്ഞെടുക്കുകയും
വേണം. ദളിത് ക്രൈസ്
തവരെയും മറ്റ് പിന്നാക്ക
ന്യൂനപക്ഷങ്ങളെയും
പട്ടികജാതിയിൽ ഉൾപ്പെടു
ത്തണം. ന്യൂനപക്ഷങ്ങൾ
ക്ക് ഭരണഘടന ഉറപ്പു
നൽകുന്ന അവകാശങ്ങൾ
സംരക്ഷിക്കണം. ഭരണാധി
കാരികൾ ഭരണഘടനയു
ടെ ആമുഖം നൽകുന്ന ഉറ
പ്പുകൾ പാലിക്കണമെന്നും
സിബിസിഐ പ്രസിഡൻറ്
ആർച്ച് ബിഷപ്പ് മാർ ആൻ
ഡ്രൂസ് താഴത്ത്, സെക്രട്ടറി
ജനറൽ ആർച്ച് ബിഷപ്പ്
ഡോ. അനിൽ ജോസഫ്
തോമസ് കുട്ടോ എന്നിവർ
അറിയിച്ചു.

ഇന്ത്യൻ ഭരണഘടന ഉറപ്പു
നൽകുന്ന മതസ്വാതന്ത്ര്യ
വും നീതിയും അപകടത്തി
ലാണെന്നും ജനാധിപത്യം
ഒരു മിഥ്യയായി മാറുക
യാണെന്നും സിബിസി
ഐ പ്രസിഡൻറ് ആർച്ച്
ബിഷപ്പ് മാർ ആൻഡ്രൂസ്
താഴത്ത് അഭിമുഖത്തിൽ
പറഞ്ഞിരിന്നു. വ്യാജ
ആരോപണങ്ങൾ ഉന്നയിച്ച്
ക്രിസ്ത്യൻ ആരാധനാലയ
ങ്ങൾക്കു നേരെയും വൈദി
കർക്കും സന്യസ്തർക്കും
നേരെയും ആക്രമണങ്ങൾ
നടക്കുകയാണെന്നും അദ്ദേ
ഹം കൂട്ടിച്ചേർത്തു.

# വ്യാജ മതപരിവർത്തന ആരോപണം: വൈദികൻ ഉൾപ്പെടെ ഏഴുപേരെ അറസ്റ്റു ചെയ്തു

യു പി : ഉത്തർപ്രദേശിൽ
ഹൈന്ദവരെ മതംമാറ്റാൻ
ശ്രമിച്ചുവെന്ന് ആരോപിച്ച്
ഒരു കത്തോലിക്കാ പുരോ
ഹിതനും അഞ്ച് പ്രൊട്ട
സ്റ്റന്റ് പാസ്റ്റർമാരും ഉൾപ്പെ
ടെ ഏഴു ക്രിസ്ത്യാനികളെ
പൊലീസ് അറസ്റ്റുചെയ്
തു. ബാരാബങ്കി ജില്ലയിൽ
തീവ്ര ഹിന്ദുപ്രവർത്തകർ
പൊലീസിൽ പരാതി
പ്പെട്ടതിനെ തുടർന്നാണ്
നടപടി. ലഖ്നൗ രൂപത
യിലെ ഫാ. ഡൊമിനിക്
പിന്റോയാണ് അറസ്റ്റിലായ
വൈദികൻ.
ലഖ്നൗ രൂപതയുടെ അജ
പാലനകേന്ദ്രമായ നവിന്ത
യിൽ കൂട്ട മതപരിവർത്തന
സംഗമം നടന്നതായിട്ടാണ്
തീവ്ര ഹിന്ദുത്വവാദികളുടെ
ആരോപണം. ഈ ആരോ
പണത്തിൽ സത്യത്തിന്റെ
ഒരു കണിക പോലുമില്ലെ
ന്ന് ലഖ്നൗ രൂപതയുടെ
ചാൻസലറും വക്താവു
മായ ഫാ. ഡൊണാൾ
ഡ് ഡിസൂസ പറഞ്ഞു.
ക്രിസ്തുമതത്തിലേക്കു
പരിവർത്തനം ചെയ്യപ്പെടാ
തെ ക്രിസ്തുവിന്റെ പഠി
പ്പിക്കലുകൾ പിന്തുടരുന്ന
'ക്രിസ്തുഭക്തർ' എന്ന്
സ്വയം വിളിക്കുന്ന ആളു
കൾ, അവരുടെ പ്രാർഥനാ
സമ്മേളനങ്ങൾ പലപ്പോ
ഴും രൂപതാകേന്ദ്രത്തിൽ
നടത്താറുണ്ട്. ഇവരാരും
മതംമാറുകയോ, ക്രിസ്
ത്യാനികളാകാൻ ആവശ്യ
പ്പെടുകയോ ചെയ്യുന്നില്ല.
എന്നിട്ടും പൊലീസ് ഞങ്ങ
ളുടെ ആളുകളെ അറസ്റ്റു



ചെയ്തു' ഫാ. ഡിസൂസ
വെളിപ്പെടുത്തുന്നു.
ദേവ പൊലീസ് സ്റ്റേഷ
നിൽ നൽകിയ പരാതി
യിൽ, അഞ്ചു സ്ത്രീകള
ടക്കം 15 ആൾക്കാരുടെ
പേരുകൾ ഉണ്ടായിരുന്നു.
സംസ്ഥാനത്തെ വ്യാപ
കമായ മതപരിവർത്തന
വിരുദ്ധനിയമം ലംഘിച്ചു
വെന്നാണ് ഇവർക്കെതി
രെയുള്ള ആരോപണം.
പാവപ്പെട്ട ഹിന്ദുക്കളെ
അവർ ക്രിസ്തുമതത്തി
ലേക്ക് ആകർഷിക്കുന്നു
വെന്ന് പരാതിക്കാരനായ
ബ്രിജേഷ് കുമാർ വൈശ്യ
ആരോപിച്ചു. ഒരുകൂട്ടം
ഹിന്ദുക്കൾ പ്രാർഥനാസ
മ്മേളനത്തിൽ സ്ത്രീകളെ
ആക്രമിക്കാൻ ശ്രമിക്കുക
യും പരാതിയിൽ കത്തോ
ലിക്കാ പുരോഹിതന്റെ
പേര് ഉൾപ്പെടുത്തണമെന്ന്
ആവശ്യപ്പെട്ട് പൊലീസ്
സ്റ്റേഷനുമുന്നിൽ പ്രതിഷേ
ധിക്കുകയും ചെയ്തതായി
ക്രിസ്ത്യൻ നേതാക്കൾ
പറഞ്ഞു.

# കുവൈറ്റ് ടൗൺ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ ഭാരവാഹികളെ തിരഞ്ഞെടുത്തു

കുവൈറ്റ് സിറ്റി : കുവൈറ്റ് ടൗൺ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ (കെ റ്റി എം സി സി ) പതിനഞ്ച് അംഗ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. വിനോദ് കുര്യൻ (പ്രസിഡന്റ്) ഷിജോ പുല്ലംപള്ളി തോമസ് (സെക്രട്ടറി) ജീസ്സ് ജോർജ്ജ് ചെറിയാൻ (ഖജാൻജി), റോയ് കെ യോഹന്നാൻ, സജു വാഴയിൽ തോമസ് (കോമൺ കൗൺസിൽ അംഗങ്ങൾ), ജോസഫ് എം പി, ജിനോ അരീക്കൽ. ,കുരുവിള ചെറിയാൻ, എബിൻ റ്റി മാത്യു. അജോഷ് മാത്യു, ജിം ചെറിയാൻ ജേക്കബ്. വർഗ്ഗീസ് മാത്യു, ഷിലു ജോർജ്ജ്, അജു എബ്രഹാം, ജെറാൾഡ് ജോസഫ് (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ), ജോൺ തോമസ് തെക്കുംപുറം, തോമസ് ഫിലിപ്പ്, ഗോഡ്‌ലി ജോസഫ് (ഓഡിറ്റേഴ്സ്) എന്നിവരാണ് ഭാരവാഹികൾ.

# പാക്കിസ്ഥാനിലെ പോളിംഗ് സ്റ്റേഷനിൽ വെടിവെപ്പ്; സുരക്ഷാ ഉദ്യോഗസ്ഥൻ കൊല്ലപ്പെട്ടു

ഇസ്ലാമബാദ് : പാക്കിസ്ഥാനിൽ തെരഞ്ഞെടുപ്പിനിടെയുണ്ടായ വെടിവെപ്പിൽ പോളിംഗ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ കൊല്ലപ്പെട്ടു. പാക്കിസ്ഥാനിലെ ഖൈബർ പക്തുൻഖ പ്രവിശ്യയിലെ പോളിംഗ് സ്റ്റേഷനിൽ വോട്ട് ചെയ്യാനായി ആളുകൾ പോളിംഗ് ബൂത്തിലേക്ക് എത്തുന്നതിനിടെയാണ് വെടിവെപ്പുണ്ടായത്. പതിനായിരക്കണക്കിന് പോലീസുകാരെയും അർധ സൈനികരെയും പോളിംഗ് സ്റ്റേഷനുകളിൽ സുരക്ഷ ഉറപ്പാക്കാൻ വിന്യസിച്ചിട്ടുണ്ട്. സുരക്ഷാ നടപടിയുടെ ഭാഗമായി മൊബൈൽ ഫോൺ സേവനം താത്കാലികമായി റദ്ദാക്കിയതായും റിപ്പോർട്ടുണ്ട്.

## റവ.ബെന്നി ജോൺ ഓവർസീയറായി തുടരും



കൊൽക്കത്ത: പുനലൂർ ഒറ്റക്കൽ ദൈവസഭാംഗം റവ. ബെന്നി ജോൺ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ സെൻട്രൽ ഈസ്റ്റേൺ റീജിജയൻ ഓവർസീയറായി വീണ്ടും തെരെഞ്ഞെടുക്കപ്പെട്ടു. ചർച്ച് ഓഫ് ഗോഡ് ഏഷ്യൻ സുപ്രണ്ടിനുവേണ്ടിയും ആൾ ഇന്ത്യ ഗവേണിംഗ് ബോർഡ് ചെയർമാനുവേണ്ടിയും തമിഴ്നാട് ഓവർസിയർ റവ. എബനേസർ സെൽവരാജാണ് ഔദ്യോഗികമായി ഇക്കാര്യം പ്രഖ്യാപിച്ചത്.

കൊൽക്കത്തയിൽ നടന്ന പ്രിഫറൻസ് ബാലറ്റിൽ നൂറ് ശതമാനം ശബ്ദ വോട്ടോടെയായിരുന്നു തിരെഞ്ഞെടുത്തത്.കഴിഞ്ഞ എട്ടു വർഷം ഓവർസീയറായി റവ. ബെന്നി ജോണിന് അടുത്ത നാല് വർഷം കൂടി തൽസ്ഥാനത്ത് തുടരാം.ആൻഡമാൻ നിക്കോബാർ ദ്വീപുസമൂഹങ്ങളിലും മറ്റ് പതിമൂന്ന് സംസ്ഥാനങ്ങളിലുമാണ് സെൻട്രൽ ഈസ്റ്റേൺ റീജിയണിന്റെ പ്രവർത്തനം നിലവിലുള്ളത്

# സംയുക്ത സുവിശേഷീകരണയോഗം നടന്നു

കാസർഗോഡ് : ഐപിസി. കാസർഗോഡ് സെന്ററും. പെരുംബെട്ടി ഐപിസി. ഫിലദെൽഫിയ. സഭയുടെയും സംയുക്താഭിമുഖ്യത്തിൽ പരപ്. വെള്ളരിക്കുണ്ട് പ്രദേശങ്ങളിൽ സുവിശേഷീകരണത്തിന്റെ ഭാഗമായി പരസ്യയോഗങ്ങൾ നടത്തി. ഐ.പി.സി കാസർഗോഡ് സെന്റർ മിനിസ്റ്റർ പാസ്റ്റർ സന്തോഷ് മാത്യു വെള്ളിക്കുണ്ടിൽ വച്ച് പ്രാർത്ഥിച്ച് ഉത്ഘാടനം നിർവഹിച്ചു. പാസ്റ്റർ സന്തോഷ് മാത്യൂവിനോടപ്പം പരപ്പ സഭാ ശുശ്രൂഷകൻ പാസ്റ്റർ ബേബി ജോർജ് എന്നിവർ പരസ്യ യോഗങ്ങൾക്ക് നേതൃത്യം നൽകി.

---

## എഡിറ്റോറിയൽ 2-ാം പേജിൽ നിന്നും തുടർച്ച

അതിന്റെ നിയമവശങ്ങളോ അറിയാമോ എന്ന് ചോദിച്ചാൽ കൈ മലർത്തി കാണിക്കുന്നവരുടെ സംഖ്യ വളരെ വലുതായിരിക്കും. ഇന്ന് പല കൗൺസിൽ പ്രഖ്യാപനങ്ങളും അവർ പോലും അറിയുന്നത് നേതാക്കൾ നടത്തുന്ന വാർത്താസമ്മേളനങ്ങളിൽ നിന്നാണെന്ന് പറയുമ്പോൾ ഇത്തരം തീരുമാനങ്ങൾ സുതാര്യമാക്കപ്പെടേണ്ടത്തിന്റെ ആവശ്യകത എത്ര വലുതാണെന്ന് നാം ചിന്തിക്കണം. ഇന്ന് പല സഭകളുടെയും ഭരണ നിഷ്ക്രിയത്വങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുന്നത് എന്തിന്റെ കാരണത്തിന്റെ അടിസ്ഥാനത്തിൽ ആണെന്ന് പോലും അറിയാൻ പാടില്ലാത്തവരാണ് ബഹുഭൂരിപക്ഷം വിശ്വാസ സമൂഹവും എന്നു പറയുമ്പോൾ ഭരണവും ഭരണകർത്താക്കളും നിയമങ്ങളും അതിന്റെ പൊളിച്ചെഴുത്തലുകളും കൂട്ടിച്ചേർക്കലുകളും കൗൺസിൽ തീരുമാനങ്ങളും എത്രത്തോളം സുതാര്യമാക്കപ്പെടേണ്ടതാണെന്ന് ചിന്തിക്കണം.

നാം ഉൾപ്പെട്ടു നിൽക്കുന്ന സഭയുടെ ഉന്നതാധികാര സമിതിക്കുമില്ലേ വാർഷിക കണക്ക് അവതരണങ്ങളും നയപ്രഖ്യാപനങ്ങളും. ക്ഷേമ പ്രവർത്തനങ്ങളും നീക്കിയിരിപ്പുകളും വക കൊള്ളിക്കലും ഒക്കെ. ഇതൊക്കെ അറിയാനുള്ള സാമാന്യ അവകാശം സഭാ ജനങ്ങൾക്കും ഒപ്പം അവരെ പ്രാദേശിക സഭാ നേതൃത്വങ്ങൾക്കും ഇല്ലേ. എല്ലാം അറിയുന്നവൻ, അഗ്നിജ്വാലക്കൊത്ത കണ്ണുള്ളവൻ എന്നൊക്കെ പ്രസംഗിക്കുന്നവർക്ക് അവരുടെ ജീവിതം വേണ്ട ഭരണരീതികളും തീരുമാനങ്ങളും സാമാന്യ ജനത്തെ അറിയിക്കാനുള്ള ബാധ്യത ഇല്ലേ....?. അതോ ഇതൊന്നും അറിയാനുള്ള അവകാശം നിഷേധിക്കപ്പെട്ടവരാണ് സഭയുടെ ഓരോ അംഗങ്ങൾ ഒന്നും വിശ്വസിക്കുന്നവർ ഉണ്ടെങ്കിൽ മാറി ചിന്തിക്കണം.കേവലം ശേഖരണങ്ങളുടെ കലവറകളായി മാത്രം മാറാതെ അറിയാനുള്ള അവകാശം കൂടിയുള്ളവരാണ് സഭാ ജനങ്ങൾ എന്ന് അറിയേണ്ടവരൊക്കെ അറിഞ്ഞാൽ കൊള്ളാം. സുതാര്യമാക്കപ്പെടണം ഭരണസിരാകേന്ദ്രങ്ങളുടെ രീതിയും പ്രവർത്തനവും. അറിയാനുള്ള അവകാശം നിഷേധിക്കപ്പെട്ട ഒരു കൂട്ടം ആളുകളെ സൃഷ്ടിക്കുന്ന ഉൽപാദന കേന്ദ്രങ്ങളാണ് സഭകളെന്ന് ചിന്തിക്കുന്നവർ മാറി ചിന്തിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ദൈവത്തെ പേടി ഉള്ളതു കൊണ്ട് മാത്രം പലരും പലതും ചെയ്യാൻ മടിക്കുന്നു എന്നത് തിരിച്ചറിഞ്ഞാൽ നന്ന്. രാജ്യത്തെയും രാജ്യ ഭരണത്തെയും നിയമം വഴി അറിയാനുള്ള അവകാശം സിദ്ധിക്കുന്ന ഓരോ പൗരനും അവൻ അംഗമായിരിക്കുന്ന സംഘടനയെക്കുറിച്ചും അറിയാൻ അർഹതയുണ്ട് എന്ന് ആയിരം തവണ ഉറക്കെ പറയുന്നത് കേട്ടില്ലെന്ന് നടിക്കുന്നത് മൂഢത ആണ് എന്ന് അറിഞ്ഞുകൊണ്ടുതന്നെ അറിയാതെ പോകുന്നത് ഇനിയെങ്കിലും തുടരാതിരിക്കുക. ലോകത്തോട് സത്യങ്ങൾ വിളിച്ചു പറയാൻ മടി കാണിക്കാത്തവർ എന്തിനു ഭയക്കുന്നു നിങ്ങൾ സത്യമായി ചെയ്യുന്നതാണെങ്കിൽ പരസ്യമായി പറയാൻ. ഇല്ലായെങ്കിൽ എരിവും പുളിയും ചേർത്ത് ഇല്ലാ കഥകൾ മെനയുന്നവരിൽ നിന്നും വല്ലാതെ അറിഞ്ഞിട്ടു സ്വന്തം പല്ല് കുത്തി എന്തിന് ദുർഗന്ധം ആസ്വദിക്കേണ്ട ഗതികേട് വരും പാവം അണികൾക്ക്.

അറിയാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക, സുതാര്യമാക്കപ്പെടട്ടെ എല്ലാം.

# ബാഗ്ദാദിൽ അമേരിക്കയുടെ വ്യോമാക്രമണം; ഹിസ്ബുല്ല കമാൻഡർ കൊല്ലപ്പെട്ടു

ബാഗ്ദാദ് : ബാഗ്ദാദിൽ അമേരിക്ക നടത്തിയ വ്യോമാക്രമണത്തിൽ ഹിസ്ബുല്ല കമാൻഡർ കൊല്ലപ്പെട്ടു. ഹിസ്ബുല്ല കമാൻഡർ അബു ബാഖിർ അൽ സാദിയും രണ്ട് ഗാർഡുമാരുമാണ് യു.എസ് ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഇവർ സഞ്ചരിച്ചിരുന്ന വാഹനത്തെ ലക്ഷ്യമിട്ടായിരുന്നായിരുന്നു ആക്രമണം.

മേഖലയിൽ തങ്ങളുടെ സേനക്കെതിരെ ആക്രമണങ്ങൾ നടത്തിയ ഹിസ്ബുല്ല കമാൻഡറാണ് കൊല്ലപ്പെട്ടതെന്ന് യു.എസ് അറിയിച്ചു.

ബുധനാഴ്ച രാത്രി ബാഗ്ദാദിലെ തിരക്കേറിയ റോഡിലൂടെ സഞ്ചരിക്കുമ്പോഴാണ് കാറിന് നേരെ ഡ്രോണാക്രമണമുണ്ടായത്.

ആക്രമണത്തിന് പിന്നാലെ പ്രതിഷേധവുമായി ജനങ്ങൾ തെരുവിലിറങ്ങി. പ്രദേശത്ത് കനത്ത പൊലീസ് കാവലും ഏർപ്പെടുത്തിയിട്ടുണ്ട്. ജനുവരി 28ന് സേനക്ക് നേരെയുണ്ടായ ആക്രമണത്തിന് മറുപടിയായി ഇതുവരെ സിറിയയിലും ഇറാഖിലുമായി 85 ആക്രമണങ്ങളാണ് യു.എസ് നടത്തിയത്.

# നൂറോളം ക്രൈസ്തവർക്ക് ജയിൽമോചനം

അസ്മാര: എറിത്രിയൻ ഏകാധിപത്യ സർക്കാർ ക്രൈസ്തവ ആരാധനയുടെയും സുവിശേഷ പ്രവർത്തനങ്ങളുടെയും പേരിൽ അന്യായമായി തടവിലാക്കിയ നൂറോളം വിശ്വാസികളെ വിട്ടയച്ചു. എന്നാൽ ഇപ്പോഴും മുന്നൂറിലധികം പേർ വിവിധ ജയിലുകളിൽ നരകയാതന അനുഭവിക്കുന്നുണ്ട്. വിട്ടയക്കപ്പെട്ടവരിൽ നല്ലൊരു വിഭാഗം പേരും ക്രിസ്ത്യൻ സംഗീതക്കാരായ യുവാക്കളായിരുന്നുവെന്ന് റിപ്പോർട്ടുണ്ട്.

കഴിഞ്ഞ വർഷം ഏപ്രിലിൽ മഹല്ലിയൻ എന്ന പേരിൽ അറിയപ്പെടുന്ന സംഗീത ട്രൂപ്പിലെ അംഗങ്ങളെ അറസ്റ്റു ചെയ്തിരുന്നു. ഇവരുടെ സംഗീത ശുശ്രൂഷകൾ യുട്യൂബിൽ പോസ്റ്റു ചെയ്തതിനെത്തുടർന്നാണ് ഗവണ്മെന്റ് ശ്രദ്ധയിൽപ്പെട്ടത്. ഗായകരായ യുവാക്കളിൽ 20 പേരെയെങ്കിലും ഇപ്പോഴും തടവിൽത്തന്നെയാണ് പാർപ്പിച്ചിരിക്കുന്നത്. അറസ്റ്റു ചെയ്യപ്പെട്ട ക്രൈസ്തവരിൽ നല്ലൊരു വിഭാഗത്തെയും കപ്പൽ കണ്ടെയ്നറുകളിലാണ് പാർപ്പിച്ചിരിക്കുന്നത്.



# പാത്രിയർക്കീസ് ബാവായ്ക്ക് കത്തോലിക്കാ സഭയുടെ വരവേൽപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന പരിശുദ്ധ ഇഗ്നത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായ്ക്ക് ഞായറാഴ്ച വൈകിട്ട് അഞ്ചിന് പട്ടം സെന്റെ മേരീസ് കത്തീഡ്രലിൽ മലങ്കര കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ വരവേൽപ് നൽകും.

പാത്രിയർക്കീസ് ബാവായെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ സ്വീകരിച്ച് ദേവാലയത്തിലേക്ക് ആനയിക്കും. തുടർന്നു നടക്കുന്ന പ്രാർഥനയ്ക്കു പാത്രിയർക്കീസ് ബാവാ നേതൃത്വം നൽകും.

പൊതുസമ്മേളനത്തിൽ പാത്രിയർക്കീസ് ബാവായും മാർ ക്ലീമീസ് കാതോലിക്കാ ബാവായും പ്രസംഗിക്കും.

മലങ്കര കത്തോലിക്കാ സഭയിലെ മെത്രാപ്പൊലീത്തമാരും വൈദികരും വിശ്വാസികളും സം ബന്ധിക്കും. മലങ്കര മെത്രാപ്പൊ ലീത്ത ജോസഫ് മാർ ഗ്രിഗോറിയോസും മറ്റു മെത്രാപ്പൊലീത്തമാരും ബാവായെ അനുഗമിക്കുന്നുണ്ട്.

# നീ എന്താണ് മത്സരത്തിൽ പങ്കെടുക്കാഞ്ഞത് ?

ഒരിക്കൽ നായ്ക്കളുടെ ഓട്ട മത്സരം നടക്കുന്ന വേദിയിൽ വെറുതേ രസത്തിന് ഒരു പുലിയെക്കൂടി ഉൾപ്പെടുത്തി....

എന്നാൽ ഓട്ടം തുടങ്ങിയപ്പോൾ പുലി അതിന്റെ സ്ഥാനത്ത് നിന്ന് അനങ്ങാതെ നിന്നു . നായ്ക്കൾ അവരുടെ എല്ലാ ശക്തിയോടെയും ഓടുന്നതും മത്സരിക്കുന്നതുമെല്ലാം അത് നിശബ്ദമായി നോക്കിയിരുന്നു.

മത്സരം അവസാനിച്ചു. അതിൽ ഒരു നായ വിജയിച്ചു. വിജയിച്ച നായ പുലിയോട് ചോദിച്ചു:

നീ എന്താണ് മത്സരത്തിൽ പങ്കെടുക്കാഞ്ഞത്?

പുലി പറഞ്ഞു: നിങ്ങളോടൊപ്പം ഓടിയാൽ ഞാൻ തന്നെ ജയിക്കുമെന്ന് എനിക്കും നിങ്ങൾക്കും കാണുന്നവർക്കും ഇത് നടത്തുന്നവർക്കും അറിയാം!അത് എനിക്ക് പ്രകൃതി നൽകിയ കഴിവാണ്. എന്നിട്ടും ഞാൻ നിങ്ങളോടൊപ്പം പങ്കെടുത്താൽ അത് സ്വയം മികച്ചതാണെന്ന് തെളിയിക്കുന്നത് പോലെയാകും, അത് അപമാനകരമാണ്....

എല്ലായിടത്തും സ്വയം കഴിവ് തെളിയിക്കേണ്ട ആവശ്യമില്ല....

നമ്മുടെ കഴിവുകൾ പ്രകടിപ്പിക്കേണ്ട സ്ഥലത്തു മാത്രം പ്രകടിപ്പിക്കുക.നമ്മളേയും, നമ്മുടെ കഴിവുകളെയും തിരിച്ചറിയേണ്ടവർ അറിയുന്നുണ്ട്,വിലയിരുത്തുന്നുണ്ട് എന്ന യാഥാർഥ്യം മനസ്സിലാക്കുക...

ആ ബോദ്ധ്യത്തിൽ നമ്മുടെ പ്രവർത്തന മേഖലകളിൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തങ്ങളിൽ കൂടുതൽ കൂടുതൽ മികവ് പുലർത്തുക ......

# പള്ളിയിൽ യുവാക്കളുമായി തർക്കം : തമിഴ്നാട് ബിജെപി അധ്യക്ഷൻ അണ്ണാമലൈയുടെ ഹർജി മദ്രാസ് ഹൈക്കോടതി തള്ളി



ചെന്നൈ : ബിജെപി സംസ്ഥാന അധ്യക്ഷൻ കെ അണ്ണാമലൈക്കെതിരെ, പാപ്പിറെഡ്ഡിപ്പട്ടിക്കടുത്തുള്ള ബൊമ്മിടി പ്രദേശത്ത് നടന്ന റാലിക്കിടെ ബൊമ്മിടി സെന്റ് ലൂർദ് പള്ളിയിൽ കയറുന്നതിനെ എതിർത്ത അണ്ണാമലൈയും ഒരു കൂട്ടം ക്രിസ്ത്യൻ യുവാക്കളും തമ്മിൽ വാക്കേറ്റമുണ്ടാകുകയും ധർമ്മപുരി പോലീസ് ജനുവരി എട്ടിന് കേസെടുക്കുകയും ചെയ്തു. മണിപ്പൂർ വിഷയം ചൂണ്ടിക്കാട്ടിയാണ് യുവാക്കൾ അദ്ദേഹത്തിന്റെ പള്ളി പ്രവേശനത്തെ എതിർക്കുകയും അദ്ദേഹത്തിനെതിരെ മുദ്രാവാക്യം വിളിക്കുകയും ചെയ്തത്. മത സ്പർധ ഉണ്ടാക്കാൻ ശ്രമം അടക്കം വകുപ്പുകൾ ചുമത്തിയാണ് അണ്ണാമലൈക്കെതിരെ പോലീസ് കേസെടുത്തത്. 153 (എ) , 504, 505(2) വകുപ്പുകൾ ചുമത്തിയാണ് അണ്ണാമലൈക്കെതിരെ കേസെടുത്തത്. പടക്കം പൊട്ടിച്ചതിനെതിരെ ആദ്യം കേസെടുത്തത് ക്രിസ്ത്യൻ മിഷനറി എൻജിഒ ആണെന്ന് അവകാശപ്പെട്ടതിന് തനിക്കെതിരെ ആരംഭിച്ച ക്രിമിനൽ നടപടികൾ റദ്ദാക്കാൻ ജസ്റ്റിസ് എൻ.ആനന്ദ് വെങ്കിടേഷ് വിസമ്മതിച്ചു. നടപടികൾ റദ്ദാക്കാൻ 2024 ഫെബ്രുവരി 8 വ്യാഴാഴ്ച മദ്രാസ് ഹൈക്കോടതി വിസമ്മതിച്ചു. ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും ഇടയിലും വിവിധ വിഭാഗങ്ങൾക്കിടയിലും മതത്തിന്റെ അടിസ്ഥാനത്തിൽ പൊരുത്തക്കേടും വിദ്വേഷവും വിദ്വേഷവും വളർത്തുന്നതിൽ ഏർപ്പെട്ടിരുന്നു. അതിനാൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 153 എ (വിവിധ ഗ്രൂപ്പുകൾക്കിടയിൽ ശത്രുത വളർത്തൽ), 505 (പൊതു ദ്രോഹം) എന്നിവ പ്രകാരം ബിജെപി നേതാവിനെ പ്രോസിക്യൂട്ട് ചെയ്യാൻ പരാതിക്കാരൻ ക്രിമിനൽ നടപടികൾ ആരംഭിച്ചു.

# അഹിംസയുടെ ആദ്യപാഠം

മോഹൻദാസ് കരം ചന്ദ് ഗാന്ധിയെയും അമ്മ പുത്‌ലി ബായിയെയും അറിയാത്തവരില്ല. ഇവർ തമ്മിലുള്ള സംഭാഷണങ്ങളിൽ ചിലത് ശ്രദ്ധേയമാണ്.
കുട്ടിക്കാലത്ത് ഒരിക്കൽ ചേട്ടൻ ഗാന്ധിജിയെ തല്ലി. പരാതിയുമായി ഗാന്ധിജി അമ്മ പുത് ലി ബായിയെ സമീപിച്ചു.
മോഹൻദാസ്: എനിക്കു ചേട്ടനെ അടിക്കാമെന്നാണോ അമ്മ പറയുന്നത്?
പുത്‌ലിബായ്:സഹോദരങ്ങൾ തമ്മിൽ കലഹമുണ്ടാകുമ്പോൾ അതു തമ്മിൽ ത്തന്നെയാണു തീർക്കുക. ചേട്ടൻ നിന്നെ അടിച്ചാൽ, നിനക്ക് തിരിച്ചടിക്കാം
മോഹൻദാസ്: എങ്കിൽ പിന്നെ ചേട്ടൻ എന്നെ അടിച്ചോട്ടെ. ഞാൻ തിരിച്ചടിക്കില്ല.
പുത്‌ലിബായ്: മോനേ, നിനക്ക് എവിടെ നിന്നാണ് ഈ നല്ല അറിവെല്ലാം കിട്ടുന്നത്?
അഹിംസയുടെ വഴി ഗാന്ധിജിക്കു കുട്ടിക്കാലത്തേ പരിചിതമായിരുന്നു.

# നൈജീരിയൻ ക്രിസ്ത്യൻ സ്കൂളിൽനിന്നു തട്ടിക്കൊണ്ടുപോയ വിദ്യാർഥികളെ മോചിപ്പിച്ചു

അബൂജ : സ്കൂളിൽനിന്നും തട്ടിക്കൊണ്ടുപോകപ്പെട്ട, നൈജീരിയയിലെ എമുരിലെ അപ്പോസ്തോലിക് ഫെയ്ക്ക് ചർച്ച് പ്രൈമറി ആൻഡ് സെക്കൻഡറി സ്കൂളിലെ ആറു കുട്ടികളെയും രണ്ട് അധ്യാപകരെയും മോചിപ്പിച്ചു. ജനുവരി 29ന് സ്കൂൾ ബസിൽ വീട്ടിലേക്കു മടങ്ങുമ്പോൾ ആണ് കുട്ടികളെയും അധ്യാപകരെയും ഡ്രൈവറെയും അക്രമിസംഘം തട്ടിക്കൊണ്ടുപോയത്. തടവിലാക്കപ്പെട്ട് ആറുദിവസത്തിനുശേഷം, ഫെബ്രുവരി 4ന് പുലർച്ചെ രണ്ടുമണിയോടെയാണ് സുരക്ഷാസേന കുട്ടികളെ മോചിപ്പിച്ചത്. എന്നാൽ സ്കൂൾ ബസിന്റെ ഡ്രൈവർ തായെ റസാക്കിയെ അക്രമിസംഘം കൊലപ്പെടുത്തി. സംഭവവുമായി ബന്ധപ്പെട്ടു ചില അറസ്റ്റുകൾ നടന്നെങ്കിലും മുഴുവൻ കുറ്റവാളികളെയും നിയമത്തിനുമുൻപിൽ കൊണ്ടുവരുമെന്ന് സുരക്ഷാസേന അറിയിച്ചു.
നൈജീരിയയിലെ ഇബാദാൻ പ്രവിശ്യയിലെ കത്തോലിക്കാ ബിഷപ്പുമാർ, തങ്ങളുടെ പ്രവിശ്യയിൽ തുടർച്ചയായി നടക്കുന്ന നിർഭാഗ്യകരമായ സംഭവങ്ങളിൽ ആശങ്ക പ്രകടിപ്പിച്ചു. തട്ടിക്കൊണ്ടുപോകലിലും കൊലപാതകങ്ങളിലും ഞെട്ടൽ രേഖപ്പെടുത്തിയ ബിഷപ്പുമാർ, നൈജീരിയ അതിവേഗം വെറുപ്പും ശത്രുതയും നിറഞ്ഞ കൊലക്കളമായി മാറിക്കൊണ്ടിരിക്കുകയാണെന്ന മുന്നറിയിപ്പും നൽകി.

# യാത്രകളിൽ നാം ചെയ്യുന്ന ചെറിയ സഹായം നമുക്ക് തന്നെ കുരുക്കാകരുത്

മലപ്പുറം: വിമാന യാത്രയിൽ ഒരു കൈ സഹായമെന്ന നിലയിൽ മറ്റുള്ളവരുടെ സാധനങ്ങളും കൊണ്ടുപോകാൻ നാം പലപ്പോഴും ശ്രമിക്കാറുണ്ട്. എന്നാൽ ഒരു ചെറിയ കരുതൽ ഉള്ളത് എപ്പോഴും നല്ലതാണ്. ഓമാനൂർ പള്ളിപ്പുറായ പാറപള്ളിയാളി ഫൈസൽ അവധി കഴിഞ്ഞ് തിരിച്ച് ഗൾഫിലേക്ക് പോകുന്നതിനിടെയാണ് സുഹൃത്തായ ഷമീം ഇറച്ചിയും മറ്റും അടങ്ങിയ പെട്ടിയിൽ രഹസ്യമായി ഗഞ്ചാവ് കൊടുത്തയക്കാൻ ശ്രമിച്ചത്. ഗൾഫിലുള്ള മറ്റൊരു സുഹൃത്തിന് നൽകാനെന്ന പേരിലാണ് ഫൈസലിന് ഓമാനൂർ സ്വദേശി പള്ളിപ്പുറായ നീറയിൽ പി.കെ. ഷമീം ഇറച്ചി അടങ്ങിയ പാക്കറ്റ് നൽകിയത്. ഒരു സഹായമല്ലേയെന്ന് കരുതി ഫൈസൽ ഈ പാക്കറ്റ് വാങ്ങി വെയ്ക്കുകയും ചെയ്തു.
യാത്രക്കുള്ള ലഗേജ് ഒരുക്കുന്നതിനിടെ ഷമീം നൽകിയ പെട്ടിയിലെ വസ്തുക്കൾ മാറ്റി പായ്ക്ക് ചെയ്യാൻ ഫൈസൽ തീരുമാനിച്ചു. ഇതിനായി പാക്കറ്റ് തുറന്നപ്പോഴാണ് അതിനുള്ളിൽ രഹസ്യമായി സൂക്ഷിച്ച കഞ്ചാവ് കണ്ടെത്തിയത്. പ്ലാസ്റ്റിക്ക് പായ്ക്കിൽ പ്ലാസ്റ്ററിട്ട് ഒട്ടിച്ച നിലയിലായിരുന്നു കഞ്ചാവിന്റെ കുപ്പിയുണ്ടായിരുന്നത്. ഉടൻ ഫൈസൽ വാഴക്കാട് പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകുകയായിരുന്നു. പരാതിയെ തുടർന്ന് ഷമീമിനെ പോലീസ് അറസ്റ്റ് ചെയ്തു. സംഭവത്തിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് സൂചന. ഷമീമിനെ പോലീസ് വിശദമായി ചോദ്യം ചെയ്ത് വരികയാണ്.

09 FEBRUARY 2024
VOL 03 | ISSUE 039 | 738

# ചർച്ച് ഓഫ് ഗോഡ് കൊൽക്കത്ത റീജിയൺ ജനറൽ കൺവൻഷന് അനുഗ്രഹീത തുടക്കം




കൊൽക്കത്ത: നിത്യത എന്ന ലക്ഷ്യത്തിലേക്ക് നയിക്കപ്പെടുന്ന ജീവിതത്തിന് പ്രാധാന്യം നൽകിയെങ്കിൽ മാത്രമേ നാം ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായി മാറുകയുള്ളൂവെന്ന് റവ. ബെന്നി ജോൺ. കൊൽക്കത്തയിൽ നടക്കുന്ന ഇന്ത്യാ ദൈവസഭ സെൻട്രൽ ഈസ്റ്റേൺ റീജിയൺ ജനറൽ കൺവൻഷൻ ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു റീജിയൺ ഓവർസീയറായ അദ്ദേഹം.പ്രതിസന്ധികളുടെ നടുവിലും നമ്മുടെ ലക്ഷ്യം നിത്യതയായിരിക്കണമെന്നും അദ്ദേഹം വിശ്വാസസമൂഹത്തെ ഉദ്ബോധിപ്പിച്ചു. ഞായറാഴ്ച വരെ കൊൽക്കത്ത താക്കൂർപുക്കൂറിൽ വെച്ച് നടക്കുന്ന കൺവൻഷനിൽ ഇന്ത്യാ ദൈവസഭ ഓൾ ഇന്ത്യ ഗവേണിംഗ് ബോർഡ് സെക്രട്ടറി, തമിഴ്നാട് സ്റ്റേറ്റ് ഓവർസിയർ റവ. എബനേസർ സെൽവരാജ്, റവ.ഷിബു തോമസ് തുടങ്ങിയവർ പ്രാരംഭരാത്രി വചനശുശ്രൂഷ നിർവഹിച്ചു.പാസ്റ്റർ ബിജു ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. 'ലക്ഷ്യത്തിലേക്ക്' എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി ഉണർവ്വ് യോഗങ്ങൾ, ധ്യാനയോഗങ്ങൾ, പാസ്റ്റേഴ്സ് കോൺഫറൻസ്, മിഷൻ ചലഞ്ച് തുടർന്നുള്ള ദിവസങ്ങളിൽ നടക്കും.

സെൻട്രൽ ഈസ്റ്റേൺ റീജിയണിലെ പതിമൂന്ന് സംസ്ഥാനങ്ങളിൽ നിന്നും, ആൻഡമാൻനിക്കോബാർ ദ്വീപ് സമൂഹങ്ങളിൽ നിന്നുമുള്ള 24 വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ദൈവദാസന്മാരും ദൈവമക്കളും കൂടിച്ചേരുന്ന ഈ ആത്മീയ സംഗമത്തിൽ ഈ കാലഘട്ടത്തിൽ ദൈവം ശക്തമായി ഉപയോഗിച്ചുക്കൊണ്ടിരിക്കുന്ന റീജിയന് അകത്തും പുറത്തുമുള്ള ദൈവദാസമാർ,ദൈവസഭ വേൾഡ് മിഷൻ പ്രതിനിധികൾ വിവിധ സെക്ഷനുകൾക്ക് നേതൃത്വം നൽകുകയും വചനശുശ്രൂഷ നിർവഹിക്കുകയും ചെയ്യും. ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടെ സമാപിക്കുന്ന ജനറൽ കൺവൻഷനിൽ സറാഫീം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വംനൽകി വരുന്നു.


# ക്രൈസ്തവരുടെ ന്യായമായ അവകാശങ്ങൾ പോലും അട്ടിമറിക്കാൻ ശ്രമിക്കുകയാണ് സർക്കാർ: ബിഷപ്പ് മാത്യുസ് മാർ സിൽവാനിയോസ്

തിരുവനന്തപുരം: ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ ന്യായമായ അവകാശങ്ങൾ പോലും സർക്കാർ അട്ടിമറിക്കാൻ ശ്രമിക്കുകയാണെന്ന് ബിലിവേഴ്സ് ഈസ്റ്റേൺ ചർച്ച് ബിഷപ്പ് മാത്യുസ് മാർ സിൽവാനിയോസ്. കേരള കൗൺസിൽ ഓഫ് ചർച്ച് നേതൃത്വത്തിൽ തിരുവല്ലയിൽ നിന്നും തിരുവനന്തപുരത്തേക്ക് നടക്കുന്ന ക്രൈസ്തവ അവകാശ സംരക്ഷണ നീതി യാത്രയ്ക്ക് കിളിമാനൂരിൽ നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിഎസ്ഐ ദക്ഷിണ കേരള മഹായിടവക ബിഷപ്പ് കമ്മിസറി റവ. ജെ. ജയരാജ് അധ്യക്ഷനായി. ജാഥാ ക്യാപ്റ്റൻ കെസിസി ജനറൽ സെക്രട്ടറി ഡോ. പ്ര കാശ് പി. തോമസ്, ക്ലർജി കമ്മീഷൻ ചെയർമാൻ റവ. എ.ആർ.നോബിൾ, സോഷ്യൽ കൺസേൺസ് കമ്മീഷൻ ചെയർമാൻ റവ. അലക്സ് പി. ഉമ്മൻ, സാൽവേഷൻ ആർമി പ്രോഗ്രാം സെക്രട്ടറി ലെഫ്. കേണൽ സജു ഡാനിയേൽ എന്നിവർ പ്രസംഗിച്ചു.

# സോഷ്യലിസമല്ല രാമരാജ്യതത്വമാണ് നടപ്പിലാക്കുന്നത്: യോഗി ആദിത്യനാഥ്

അയോധ്യ: രാമക്ഷേത്രം സാധ്യമായതോടെ കാശിയിലെയും മഥുരയിലെയും പള്ളികൾ നിൽക്കുന്ന സ്ഥലവും വിട്ടുകിട്ടണമെന്ന ആവശ്യവുമായി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്.
നിയമസഭയിൽ ഗവർണറുക നയപ്രഖ്യാപനത്തിന് നന്ദി പറയുകയായിരുന്നു അദ്ദേഹം.'മൂന്ന് സ്ഥലങ്ങൾ മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. അതിൽ ഒന്ന് യാഥാർഥ്യമായി. അയോധ്യ പോലെ കാശിയും മഥുരയും ദൈവം അവതരിച്ച സ്ഥലങ്ങളാണ്. അവയ്ക്കുവേണ്ടി നിരന്തര പരിശ്രമം തുടരും. ഈ സ്ഥലങ്ങൾ വിട്ടുകിട്ടാൻ തടസം നിൽക്കുന്നവർ മഹാഭാരതത്തിൽ ദുര്യോധനന് ഉണ്ടായ അനുഭവം ഓർമിക്കണമെന്നും യുപി മുഖ്യമന്ത്രി പറഞ്ഞു.
'പാണ്ഡവർക്കുവേണ്ടി ശ്രീകൃഷ്ണൻ ദുര്യോധനനോട് പകുതി രാജ്യം ആവശ്യപ്പെട്ടപ്പോൾ നൽകിയില്ല. അഞ്ച് ഗ്രാമങ്ങളെങ്കിലും വിട്ടുകൊടുക്കാൻ അഭ്യർഥിച്ചപ്പോൾ അതും നിരസിച്ചു'. ആ ദു:ശ്ശാഠ്യമാണ് മഹാഭാരത യുദ്ധത്തിലേക്ക് നയിച്ചത്. അങ്ങനെ കൗരവർ തുടച്ചുനീക്കപ്പെട്ട കാര്യം എല്ലാവരും ഓർക്കണമെന്നും യോഗി ആദിത്യനാഥ് പറഞ്ഞു.
ഇന്ന് ഇത്തരം ദു:ശാഠ്യങ്ങൾ രാഷ്ട്രീയവുമായി ചേരുമ്പോളാണ് വലിയ തർക്കങ്ങൾ ഉടലെടുക്കുന്നത്. ഇന്ത്യയിൽ സോഷ്യലിസം ഒരിക്കലും നടപ്പാവില്ലെന്നും രാമരാജ്യത്തിന്റെ തത്വങ്ങൾ മാത്രമേ ഇനി രാജ്യം അംഗീകരിക്കൂഎന്നും യുപി മുഖ്യമന്ത്രി പറഞ്ഞു.

# എത്രനാൾ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കും, സംസ്ഥാനങ്ങൾ ശക്തിപ്പെടാതെ രാജ്യം ശക്തിപ്പെടില്ല : ഫാറൂഖ് അബ്ദുള്ള



ന്യൂഡൽഹി : കേരളത്തിന്റെ ഡൽഹി പ്രതിഷേധത്തിൽ കേന്ദ്രസർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി നാഷണൽ കോൺഫറൻസ് നേതാവും ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയുമായ ഫറൂഖ് അബ്ദുള്ള. സംസ്ഥാനങ്ങൾ ശക്തിപ്പെടാതെ രാജ്യം ശക്തിപ്പെടില്ല. സംസ്ഥാനങ്ങൾ പിന്നിലായാൽ രാജ്യം കരുത്ത് നേടില്ല. ഇന്ത്യയെ കരുത്തരാക്കണമെങ്കിൽ പ്രതിപക്ഷത്തെ ശത്രുക്കളായി കാണരുതെന്നും ഫാറൂഖ് അബ്ദുള്ള പറഞ്ഞു. രാജ്യം ശക്തിപ്പെടണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. എത്രനാൾ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുമെന്നും ഫറൂഖ് അബ്ദുള്ള ചോദിച്ചു. കശ്മീർ മുതൽ കന്യാകുമാരി വരെയുള്ള വൈവിധ്യങ്ങളാണ് രാജ്യത്തെ സുന്ദരമാക്കുന്നത്. പ്രതിപക്ഷം ഒറ്റകെട്ടായി പോരാടണം. ഒരുമിച്ച് നിന്നില്ലെങ്കിൽ മുന്നോട്ടുപോകാൻ സാധിക്കില്ല എന്ന തിരിച്ചറിവാണ് നമ്മളെ ഒരുമിപ്പിക്കുന്നത്. പാർലമെന്റിലെ ചർച്ചകൾ രാജ്യത്തിന് ഗുണകരമാകും. ചർച്ചകൾ നടക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.
മോദി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഫെഡറലിസത്തെ പിന്തുണച്ചു. എന്നാൽ അദ്ദേഹം പ്രധാനമന്ത്രിയായപ്പോൾ സീസൺ മാറുന്നതുപോലെ നയം മാറി. ഒരു പാർട്ടി എന്ന നിലയിലേക്കാണ് രാജ്യം മാറുന്നതെന്നും അദ്ദേഹം പറഞ്ഞു. കശ്മീരിനോട് കേന്ദ്രത്തിന് വിവേചനമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. കശ്മീർ ഇന്ത്യയിലല്ലേ എന്നും ഫറൂഖ് അബ്ദുള്ള ചോദിച്ചു.

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

Contact-Baby Samuel
WhatsApp No. +91 92072 51248

# ഹോങ്കോങിൽ മത സ്വാതന്ത്ര്യം വഷളാകുന്നു

ബീജിംഗ് : ഹോങ്കോങിൽ മതസ്വാതന്ത്ര്യം വഷളാകുന്നുവെന്ന് അടുത്തിടെ ഇറങ്ങിയ പുതിയ റിപ്പോർട്ട് വെളിപ്പെടുത്തുന്നു. മറ്റു ജനാധിപത്യ രാജ്യങ്ങൾക്കൊപ്പം യുണൈറ്റഡ് സ്റ്റേറ്റ്സും, രാജ്യത്ത് മത സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുന്നതിന് അതിന്റെ സ്വാധീനം ഉപയോഗിക്കണമെന്ന് നഗരത്തിലെ കമ്മ്യൂണിസ്റ്റ് ചൈനീസ് പീഡനത്തെക്കുറിച്ചുള്ള റിപ്പോർട്ട് പറയുന്നു.

ചൈനയുടെ ഒരു പ്രത്യേക ഭരണമേഖലയാണ് ഹോങ്കോംഗ്. ഏഴു ദശലക്ഷത്തിലധികം നിവാസികൾ താമസിക്കുന്ന മേഖലയിൽ ചൈനീസ് സർക്കാർ ഇപ്പോൾ പിടിമുറുക്കിയിരിക്കുകയാണ്. അവിടെ പൗരന്മാർക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. 2020ൽ ഒരു പുതിയ സുരക്ഷാനിയമം പാസാക്കിയതോടെ, ഹോങ്കോങിലെ ജനാധിപത്യ അനുകൂല പ്രതിഷേധങ്ങളെ അടിച്ചമർത്താൻ ചൈനീസ് ഗവൺമെന്റിനു കൂടുതൽ അധികാരം ലഭിച്ചു. ഇത് സ്ഥിഗതികൾ കൂടുതൽ രൂക്ഷമാക്കി. ഹോങ്കോങിൽ മതസ്വാതന്ത്ര്യം ഇല്ലാതാക്കാൻ പാർട്ടി ആഗ്രഹിക്കുന്നുവെന്നു സൂചിപ്പിക്കുന്ന നിരവധി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സംരംഭങ്ങളുണ്ട്.

SUPER BIBLE QUIZ



തയ്യാറാക്കിയത്:
സിസ്റ്റർ ബിൻസി ഐസക്

## സൂപ്പർ ബൈബിൾ ക്വിസ് 38

### ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **സംഖ്യപുസ്തകം 16 - 20**

1. യിസ്രായേൽ മക്കളുടെ ഇടയിൽ അവകാശം ഉണ്ടാകാരുതാത്തത് ആർക്കാണ്?
2. ലേവി ഗോത്രത്തിന്റെ വടിമേൽ ആരുടെ പേരെഴുതേണമെന്നാണ് യഹോവ അരുളിച്ചെയ്തത്?
3. മിര്യാം മരിച്ചതെവിടെ വച്ചാണ്?
4. ഏതൊരു മനുഷ്യന്റെയും ശവം തൊടുന്നവൻ എത്ര ദിവസം അശുദ്ധൻ ആയിരിക്കണം?
5. എന്നാൽ ........., .........., ............ എന്നിവയുടെ കടിഞ്ഞൂലിനെ വീണ്ടെടുക്കരുത്.

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. പാരാൻ മരുഭൂമിയിൽ നിന്ന് (13.3)
2. ഗുൽഗുലുവിന്റേത് പോലെ (11.7)
3. ആദ്യത്തെ തരിമാവ് കൊണ്ടുള്ള ഒരു വട (15.20)
4. കിബ്രോത്ത് ഹത്താവ (11.34)
5. യോശുവ (13.16)

CHRISTIAN LIVE DAILY
09 FEBRUARY 2024
VOL 03
ISSUE 039 | 738
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

